ഫെയറിക്കഥകളുടെ പ്രസക്തി

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

വാമൊഴിയിലൂടെ വരമൊഴിയായി വളർന്ന് ഭാഷവികസിക്കുന്നതിനുമുമ്പ്, കഥാകഥനത്തിനുള്ള കൗതുകം മനുഷ്യർക്കുണ്ടായിരുന്നു. കാടന്മാരായി കഴിഞ്ഞിരുന്ന കാലത്തും അലസ നിമിഷങ്ങളിൽ ആഴിക്കുചുററുമിരുന്ന് കഥകൾ പറഞ്ഞിരിക്കും. സ്വതസിദ്ധമായ ഭാവനയും വശീകരിക്കുന്ന വാചാലതയും നേടിയിരുന്നവർ ചവച്ചു ചൊല്ലിയിരുന്ന ഇത്തരം കഥകളാണ്, നാടോടിക്കഥകളായും, സ്ഥലപുരാണങ്ങളായും ഐതിഹ്യങ്ങളായും മററും പിൽക്കാലത്ത് പരിണമിച്ചത്. പരമ്പരയായി കൈമാറിക്കിട്ടിയ ഈ മുതൽ സംസ്ക്കാരത്തിന്റെ പ്രാരംഭപദംവയ്പുകളെന്ന നിലയിൽ വിലപ്പെട്ടതാണ്. ഇത്തരം പിച്ചവയ്പുകളിലൂടെ നേടിയ കാലുറപ്പാണ് അവർക്ക് സാഹിത്യത്തിന്റെ മററുമേഖലകളിലേക്കുള്ള സരണികൾ സൃഷ്ടിക്കുവാനുള്ള ആത്മവിശ്വാസമരുളിയത്.

യക്ഷികഥകളും ഐതിഹ്യങ്ങളും സ്ഥലപുരാണങ്ങളും ധാരാളം നമ്മുടെ നാട്ടിലുണ്ട്. അന്ധവിശ്വാസവും ഈശ്വരവിശ്വാസവും വളർത്തുവാൻ മാത്രമല്ല സദാചാരബോധവും സാമൂഹ്യമൂല്യങ്ങളും പ്രചരിപ്പിക്കുവാനും അവ ഒരു പരിധിവരെ സാഹചര്യമുണ്ടാക്കി. യുക്തിയും ശാസ്ത്രവും കുറച്ചധികം വഴിമാറിക്കൊടുക്കുവാൻ നിർബന്ധിതമായിട്ടുണ്ട് ഇവയിലെല്ലാം എന്നുവരികിലും മനുഷ്യത്വത്തിന്റെ ചില ശാലീനഭാവങ്ങൾ അവയിൽ പ്രകാശിക്കുന്നതായി കാണാം. നൂററാണ്ടുകളിലൂടെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞും, കേട്ടും, പ്രചരിച്ചും ഇവ ജനജീവിതത്തെ വിപുലമായി സ്വാധീനിച്ചിട്ടുണ്ട്.

പാശ്ചാത്യനാടുകളിൽ പ്രചാരത്തിലിരിക്കുന്ന ഫെയറിക്കഥകൾ യഥാർത്ഥത്തിൽ യക്ഷികഥകളെന്ന നമ്മുടെ കഥകളുമായി കൂട്ടിച്ചേർക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. അങ്ങനെ പരിഭാഷപ്പെടുത്തുന്നതും ഉചിതമല്ല. ഫെയറിയെന്ന സങ്കൽപ്പ സൃഷ്ടി നമുക്കറിവുള്ള യക്ഷികളുമായി പുലബന്ധം പോലുമുള്ളവയല്ല. പിന്നെ നമ്മുടെ ഭാഷയിലുള്ള ഒരു സമാനമായ നാമം സ്വീകരിച്ചു പ്രയോഗിക്കുന്നു എന്നമാത്രം. എന്നാൽ അതുകൊണ്ട് ആശയത്തിനും ആന്തരാർത്ഥത്തിനും വികൽപ്പം വരുന്നുണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ.

ഫെയറിക്കഥകൾ നമ്മുടെ നാട്ടിലെ യക്ഷികഥകളിൽ നിന്ന് പലകാര്യങ്ങളിലും ഭിന്നമാണ്. വിവർത്തനം ചെയ്യുന്നവർ അവയെ യക്ഷികഥകൾ എന്നു പറയാതിരിക്കുന്നതാണുത്തമം. രണ്ടിനും തനതായ പ്രത്യേകതകളും ആത്മസത്തയുമുണ്ട്. അവയ്ക്കു് കോട്ടം വരുത്തുന്നവിധത്തിൽ വായനക്കാരനെ തെററിദ്ധരിപ്പിക്കാതിരിക്കണം. ഒരു ദേശത്തെ തനതായ ഒരു സാഹിത്യരൂപത്തെ മററൊരു ദേശത്തെ ഏതെങ്കിലുമൊന്നുമായി സമാനപ്പെടുത്തി പറയുന്നതു് സാധുവായിക്കൊള്ളണമെന്നില്ല. ഒന്നു മറെറാന്നാണെന്നുവരുത്തുന്നതു് ചിന്താകുഴപ്പത്തിനുമാത്രമേ വഴിയുണ്ടാക്കൂ. യൂറോപ്പിലുള്ള ബാലെയുടെ കാര്യമെടുക്കുക. നമ്മുടെ ചില നൃത്തശിൽപ്പങ്ങളെ ബാലെയെന്നു കേൾക്കുമ്പോൾ നെററിചുളിക്കാനേ പററൂ. തികച്ചും തദ്ദേശീയങ്ങളായ സാഹിത്യ–കലാ–രൂപങ്ങളെ അവയായിതന്നെ സമീപിക്കുന്നതല്ലേ ഉത്തമം? കഥകളിയെക്കുറിച്ച് വിദേശീയർക്കു് വിവരിച്ചുകൊടുക്കുമ്പോഴും മററും ഇത്തരം വിഷമപ്രശ്നങ്ങൾ നേരിടേണ്ടിവരാറുണ്ട്.

പ്രകൃത്യതീതപ്രാഭവമുള്ള ഒരു സംഭവത്തെ വാചാലമായി ആവിഷ്ക്കരിക്കുകയാണ് ഫെയറിക്കഥകളിൽ. ഇതിന്റെ ഉൽഭവവും വളർച്ചയും പ്രചാരവുമൊക്കെ നടന്നിട്ടുള്ളതിനെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ടായിട്ടുണ്ട്. പല വീക്ഷണകോണങ്ങളിലൂടെ അവയുടെ പ്രസക്തിയെപ്പററി പലരും പരിശോധിച്ചിട്ടുമുണ്ട്. കഥാപാത്രങ്ങൾക്ക് പലപ്പോഴും പേരുപോലുമുണ്ടായെന്നു വരുന്നതല്ല. പണ്ടുപണ്ട് ഒരു രാജ്യത്ത് ഒരു രാജാവിനു് ഒരു മകളുണ്ടായിരുന്നു. സുന്ദരിയായ ഒരു രാജകുമാരി. എന്നിങ്ങനെ പോകും കഥാ കഥനം. വള്ളക്കാരനും, വാണിഭക്കാരനും, വാദ്യക്കാരനും, കൃഷിക്കാരനും, പ്രഭുവുമൊക്കെ കഥാപാത്രങ്ങളായി വരും. പേരില്ലെങ്കിലും ഒരു കുഴപ്പവുമില്ല. പക്ഷേ കഥയിൽ പ്രകൃത്യതീതശക്തിയുള്ള ഒരു കഥാപാത്രം കേന്ദ്രബിന്ദുവായിട്ടുണ്ടായിരിക്കും. അതു ഒരു ഫെയറിയാണ്! മനുഷ്യരൂപം സ്വീകരിച്ചതോ, രൂപവും ഭാവവുമൊക്കെ വച്ചുമാറാൻ വിരുതുള്ളതോ, മാന്ത്രികശക്തിയുള്ളതോ ആയ കഥാപാത്രങ്ങളാണ് ഫെയറികൾ. ധീരസാഹസികതയും അവരുടെ മുഖമുദ്രയാണ്. അതുപ്രസരിപ്പിക്കുന്ന വൈകാരിക ചൈതന്യമാണ് കഥയുടെ അന്ത:സത്തയ്ക്കു് നിദാനം. അതാണ് അനുവാചകരെ ആകർഷിക്കുന്നതും ആനന്ദിപ്പിക്കുന്നതും. എന്തൊക്കെ വേദനകളും വിഷമങ്ങളും വിഘാതങ്ങളും നേരിടേണ്ടിവന്നാലും, ഒടുവിൽ ഫെയറി, എല്ലാം നേരെ ചൊവ്വേയാക്കിക്കൊള്ളും. തിന്മയുടെമേൽ നന്മ അവസാനം വിജയം നേടും!

ഫെയറിക്കഥകൾകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? ഇതിനെക്കുറിച്ച് എല്ലാക്കാലത്തും വിവാദമുണ്ടായിട്ടുണ്ട്. മന:ശാസ്ത്രജ്ഞന്മാരും, ചരിത്രകാരന്മാരും, സാഹിത്യകുതുകികളും, സാമൂഹ്യശാസ്ത്രജ്ഞന്മാരുമെല്ലാം തങ്ങളുടെ തനതായ സമീപനത്തിലൂടെ വിവാദത്തിനു് ചൂടു് ഏററിയിട്ടുണ്ട്. പക്ഷേ ഇതുകൊണ്ടൊന്നും ഫെയറിക്കഥകൾക്ക് വിലയിടിവുണ്ടായിട്ടില്ല! അതിന്റെ ഉപഭോക്താക്കളായ ബാലികാബാലന്മാർ ഇന്നുംഎന്നും അവ ആവേശത്തോടെ സ്വീകരിക്കുന്നതാണ്.

യൂറോപ്പിൽ പ്രബലമായ ഒരു ഫെയറിക്കഥാസംഘടനയുണ്ട്. (Fairy Tale Association, Telgate, near Munster, Germany.) ഈ കഥാലോകത്തിന്റെ പ്രസക്തിയും പ്രാധാന്യവും അവരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നുമുണ്ട്. ഗവേഷണഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും, പ്രഗത്ഭരായ ഫെയറിക്കഥാരചയിതാക്കളുടെ സംഭാവനകളെക്കുറിച്ച് ആധികാരികപഠനങ്ങൾ നിർവഹിക്കാനുംഅവർ നിർബന്ധം കാണിച്ചുവരുന്നു. അടുത്ത കാലത്ത് ഇത്തരത്തിലുള്ള ചില ഉത്തമഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതു് കാണുകയുണ്ടായി.

അപകടത്തിലെ അത്ഭുതം

അമേരിക്കയിലെ മെയിനിലുള്ള ഫാൽമൗത്തിൽ താമസിക്കുന്ന എഡ്വിൻ റോബിൻസൺ എന്ന 62 കാരൻ കഴിഞ്ഞ ഏഴുവർഷക്കാലമായി അന്ധനായിരുന്നു. ഒരു ട്രക്ക് അപകടത്തിനുശേഷം കാഴ്ചശക്തിയും ശ്രവണശേഷിയും തകരാറിലായ ഇദ്ദേഹത്തിന് ഇടിയും കാററുംനിറഞ്ഞ രാത്രിയിലെ ആകസ്മികമായ അപകടം കാഴ്ചശക്തി നേടിക്കൊടുത്തിരിക്കുന്നു. എഡ്വിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ ചാട്ടയടിയുടെ ശബ്ദം തലയ്ക്കുള്ളിൽ മുഴങ്ങി. തുടർന്ന് ചെളിയിൽ മുങ്ങിത്താഴുന്നതുപോലെ തോന്നി. അശനിപാതത്തെത്തുടർന്നുണ്ടായ അപകടത്തിനുശേഷം പരിഭ്രാന്തനായ എഡ്വിൻ വീട്ടിലേക്കോടി. ഭാര്യയുടെ കയ്യിൽനിന്ന് വെള്ളംവാങ്ങി ഒററ ഇറക്കിനു കുടിച്ചുതീർത്തു. ''എനിക്കെല്ലാം കാണാം'' അയാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

ഓഫ്ത്താൽമോളജിയിൽ പ്രാവീണ്യംനേടിയ എഡ്വിന്റെ ഡോക്ടർ ആൽബർട്ട് മോൾട്ടൺ പ്രസ്തുത സംഭവത്തിൽ അത്ഭുതം പ്രകടിപ്പിച്ചു. അയാളുടെ കണ്ണുകൾക്ക് കാര്യമായ തകരാറൊന്നുമില്ലായിരുന്നു. ട്രക്കപകടം തലച്ചോറിനുണ്ടാക്കിയ തകരാറുകളായിരുന്നു അന്ധതയ്ക്കും മറെറല്ലാ കുററങ്ങൾക്കും വഴിവച്ചതു്. ഒന്നുതീർച്ചയാണ്. എഡ്വിൻ മുമ്പ് അന്ധനായിരുന്നു ഇന്ന് അന്ധനല്ല.

ജന്മഭൂമി Nov-15, 84

പോന്നതു്. എന്തായാലും എണ്ണത്തിൽ ഒന്നുപോലും, ശെമ്മാശന്റെ ഗുരുത്വം കൊണ്ടു്, കുറഞ്ഞില്ല. കടലിൽ നിന്നു തിരികെവന്ന ഞങ്ങളെ കായംകുളം കായൽ നല്ലവണ്ണം ഒന്നു വെരട്ടി. ഞങ്ങളുടെ വള്ളം മറിക്കാൻ ആവതു ശ്രമിച്ചു. പ്രാണനുംകൊണ്ടു ഞങ്ങൾ ചൂളത്തെരുവിൽ എത്തി എന്നു പറഞ്ഞാൽ മതി. ഗുരുക്കന്മാർ കൂടെയുണ്ടാകയാൽ ഞങ്ങൾ കടലിനെയും കായലിനെയും ഭയന്നില്ല. ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും സാക്ഷാൽ ബ്രഹ്മവും ഗുരുവാണെന്നല്ലേ പറയുന്നതു് ഗുരുക്കന്മാർ കൂടെയുള്ള ഞങ്ങൾ ഉണ്ടോ ഈശനെയും ബ്രഹ്മനെയും ഭയപ്പെടുന്നു!

നനഞ്ഞു് ഒലിച്ചു്, ക്ഷീണിച്ചു് സ്കൂളിൽ ചെന്നപ്പോൾ ചൂട്ടും വിളക്കും ആയി ഞങ്ങളെ തെരക്കി വന്നവർ കാത്തുനിൽക്കുന്നു. പിടിച്ച പിടിയാലേ ഞങ്ങളെ കൊണ്ടുപോയി. വീട്ടിൽ അറിയാത്തതായിരുന്നു ഞങ്ങളുടെ പരിപാടി. ചെന്നപ്പോഴുണ്ടു് അമ്മയും ശ്രീധരന്റെ അമ്മയും ജ്വലിച്ചുനിൽക്കുന്നു. പ്രഭാകരന്റെ അമ്മ അവിടെ ഉണ്ടായിരുന്നില്ല.

സന്ധ്യക്കു ചെല്ലേണ്ട കുട്ടികൾ നാലഞ്ചുനാഴിക ഇരുട്ടിയിട്ടും മടങ്ങിവന്നില്ലെങ്കിലുള്ള അച്ഛനമ്മമാരുടെ പരിഭ്രമം എത്രയെന്നു് അച്ഛനും അമ്മയ്ക്കും അവർക്കേ അറിയൂ. ഞങ്ങൾക്കു രണ്ടുപേർക്കും പരിഭ്രമിക്കാൻ അമ്മമാരേ ഉണ്ടായിരുന്നുള്ളു. ഭയസംഭ്രമങ്ങളാകട്ടെ ഉഗ്രമായ കോപത്തിന്റെ രൂപം കൈക്കൊള്ളും. ശ്രീധരന്റെ അമ്മയ്ക്കു് ശ്രീധരൻ ഏക സന്താനമായിരുന്നു. ഞാൻ ഏകപുത്രനും. അപ്പോൾ അവർക്കു സാമാന്യത്തിൽ കവിഞ്ഞ കോപതാപങ്ങൾ ഉണ്ടായതു് സ്വാഭാവികമായിരുന്നു. ആകയാൽ അടിവാങ്ങാതെ പറ്റുമോ? സങ്കടം കരഞ്ഞും, കോപം അടിച്ചും തീരണം.

എന്നാൽ നിങ്ങളെ കഠിനമായി എനിക്കു നിരാശപ്പെടുത്തേണ്ടിയിരിക്കുന്നു. ഞങ്ങൾക്കു് അടികിട്ടിയില്ല. സത്യമായും കിട്ടിയില്ല.

കോപമായിത്തീർന്നിരുന്ന ഭയം മരിച്ചവരെ തിരിച്ചുകിട്ടിയാലെന്നപോലെയുള്ള സന്തോഷമായി, ആനന്ദമായി മാറി.

(ആൾ ഇൻഡ്യാ ആകാശവാണിയോടു കടപ്പാടു്)

—